പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2084 — 13.06.2019 ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗി സൗഹൃദ സേവനം നൽകുകയും, അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസിംഗ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ് , പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട് .കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരുടെയും , സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും, ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കൽ , നേഴ്സുമാരുടെ പ്രീചെക്കപ്പ്, എൻ.സി.ഡി ക്ലിനിക്കുകൾ, 'ശ്വാസ് ക്ലിനിക്ക്' , മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക്ക് തുടങ്ങിയവയും പ്രവർത്തിച്ചുവരുന്നു.കൂടാതെ ലാബ് സൗകര്യവും ഇവിടങ്ങളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഇരുപത്തിനാല് മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണോ; വിശദമാക്കാമോ? | (ബി) കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിലവിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് ഡോക്ടറുടെ സേവനം ലഭ്യമാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ